ഉത്തരം

(എ) ഉണ്ട്.

(ബി) ഡിക്ലറേഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നോട്ടീസ് അയച്ചിട്ടും കക്ഷി ഡിക്ലറേഷനിൽ ഒപ്പുവയ്ക്കുന്നതിനായി മലപ്പുറം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുൻപാകെ ഇതുവരെ ഹാജരായിട്ടില്ല.

(സി) കക്ഷി ആവശ്യമായ രേഖകൾ സഹിതം മലപ്പുറം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മുൻപാകെ ഹാജരായി ഡിക്ലറേഷനിൽ ഒപ്പുവച്ചാൽ അന്നുതന്നെ കക്ഷിക്ക് ഡിക്ലറേഷൻ നൽകുന്നതാണ്.

(ഡി) അപേക്ഷ 22-7-2005 തീയതിയിൽ ലഭിച്ചിട്ടുണ്ട്.

പട്ടയ വിതരണവും കൈവശാവകാശ രേഖയും

125 [1064] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിനു മുന്നിൽ പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2001 ജൂൺ മുതൽ 2005 ഡിസംബർ വരെ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം നൽകിയെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർക്ക് 2001 ജൂണിനും 2005 ഡിസംബറിനും ഇടയിൽ കൈവശരേഖ നൽകിയെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വ്യാജ രേഖകളുണ്ടാക്കി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കാൻ നടപടി

126 [1065] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീഴുപറമ്പ് വില്ലേജിലെ ഒരു ഏക്കർ 33 സെന്റ് വരുന്ന വാലില്ലാപ്പുഴ ജലാശയം അനധികൃത കയ്യേറ്റം നടത്തി വ്യാജരേഖകളുണ്ടാക്കി കൈവശം വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly